## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1716 10.02.2020 ൽ മറുപടിക്ക്

## കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ ഗ്രേഡിംഗ്

**ചോദ്യം**

ശ്രീ.ടി. വി. ഇബ്രാഹിം

**മറുപടി**

ഡോ.കെ.ടി.ജലീൽ

(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 5 കോഴ്സുകളുള്ള കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ 'ഡി' ഗ്രേഡിൽ നിന്ന് 'ഇ' ഗ്രേഡാക്കി മാറ്റുന്നത് കോളേജുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (എ) & (ബി) | 21.12.2017 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)നം2311/2017/ഉവിവ ഉത്തരവനുസരിച്ച് 29.02.2016 ലെ ജി.ഒ.(എം.എസ്.)നം.60/2016/ഉവിവ ഉത്തരവിന് വിധേയമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമ്പോൾ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷയായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സംഘടനാ പ്രതിനിധി ശ്രീ.എൻ സത്യാനന്ദൻ എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു. ടി കമ്മറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 01.09.2019 ലെ ജി.ഒ.(എം.എസ്.)നം308/2019/ഉവിവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് |
| (ബി) | കോളേജുകളിലെ അനധ്യാപക നിയമനത്തിൽ ഗ്രേഡ് മാറ്റത്തിലൂടെ സർക്കാർ മാനദണ്ഡങ്ങൾ മാറ്റുന്നത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; വിശദമാക്കാമോ; | | |
| (സി) | 01.09.2019-ലെ സ.ഉ. (എം.എസ്) 308/2019/എച്ച്.ഇഡി.എൻ. ഉത്തരവിറക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാനത്തെ എയ്ഡഡ് കോളേജ് മാനേജ്മെന്റുകളുമായോ അനധ്യാപക സംഘടനാ പ്രതിനിധികളുമായോ ചർച്ച നടത്തിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | 01.09.2019 ലെ അനോമലി ഉത്തരവ് ഇറക്കുന്നതിന്റെ മുന്നോടിയായി എയ്ഡഡ് കോളേജ് മാനേജ്മെന്റുകളുമായോ, അദ്ധ്യാപക സംഘടനകളുമായോ ചർച്ച നടത്തിയിട്ടില്ല. എന്നാൽ ജീവനക്കാരുടെ സംഘടനാ പ്രതിനിധിയായി ശ്രീ. എൻ. സത്യാനന്ദനെ അനോമലി പരിഹരിക്കുന്നതിനുള്ള കമ്മറ്റിയിൽ ഉൾപ്പെടുത്തിയിരുന്നു. |
| (ഡി) | തസ്തിക നിർണ്ണയത്തിനുള്ള ഗ്രേഡ് മാറ്റത്തിലെ അപാകത പരിഹരിക്കുന്നതിന് വേണ്ടി 5 കോഴ്സുകളും, 500 വിദ്യാർത്ഥികളുമുള്ള കോളേജുകളെ 'ഡി' ഗ്രേഡിൽ തന്നെ ഉൾപ്പെടുത്താൻ സർക്കാർ നപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

| | | | |
|---|---|---|---|
| (ഇ) | അനധ്യാപക സ്റ്റാഫ് പാറ്റേണ് ഗ്രേഡിംഗിൽ സർക്കാർ കോളേജുകൾക്കും എയ്ഡഡ് കോളേജുകൾക്കും ഒരേ നിബന്ധനകളും മാനദണ്ഡങ്ങളുമാണോ സ്വീകരിച്ചു വരുന്നത് വിശദമാക്കാമോ; | (ഇ) & (എഫ്) | സർക്കാർ കോളേജുകളിലെ തസ്തിക നിർണയത്തിനുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം കോഴ്സുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തിയല്ല സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നത്. വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായാണ് സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നത്. എയ്ഡഡ് കോളേജുകളിൽ കോഴ്സുകളുടെയും കുട്ടികളുടേയും എണ്ണത്തെ അടിസ്ഥാനമാക്കിയാണ് അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നത് |
| (എഫ്) | മൂന്നു മുതൽ അഞ്ച് വരെ കോഴ്സുകളുള്ള സർക്കാർ കോളേജ് ഓഫീസിലെ ഏറ്റവും ഉയർന്ന സൂപ്പർവൈസറി തസ്തിക ഏതാണെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ